പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. T 305

10.05.2017-ൽ മറുപടിയ്ക്ക്

## പോക്സോ നിയമപ്രകാരം ജയിൽ ശിക്ഷ അനുഭവിക്കുന്ന ആദിവാസി യുവാക്കൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. എം. ഷാജി<br>ശ്രീ. എൻ. ഷംസുദീൻ<br>ഡോ. എം. കെ. മുനീർ | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) ഗോത്രാചാരപ്രകാരം ശൈശവവിവാഹം നടത്തുന്ന ആദിവാസി യുവാക്കൾ 2012-ലെ പോക്സോ നിയമപ്രകാരം ജയിൽ ശിക്ഷ അനുഭവിക്കേണ്ടി വരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഗോത്രവർഗ്ഗ ആചാര പ്രകാരം പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വിവാഹം ചെയ്ത് കുടുംബജീവിതം നയിക്കുന്ന ആദിവാസി യുവാവ് സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ടുള്ള നിയമത്തിന്റെ ലംഘനത്തിന്റെ പേരിൽ ശിക്ഷിക്കപ്പെട്ട് ജയിലിലടയ്ക്കുന്ന സ്ഥിതി വിശേഷം ഒഴിവാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുമോ ? | (ബി) ഈ സ്ഥിതി വിശേഷം ഒഴിവാക്കാൻ പ്രസ്തുത നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ടെന്നാണ് സമീപകാലത്തെ സംഭവങ്ങൾ വ്യക്തമാക്കുന്നത്. എന്നാൽ ശൈശവ വിവാഹം നിരോധിക്കുകയും പ്രായ പൂർത്തിയാകാത്ത പെൺകുട്ടികളുമായി ലൈംഗികബന്ധത്തിലേർപ്പെടുന്നതും ഗുരുതരമായ കുറ്റങ്ങളായതിനാൽ ഇക്കാര്യത്തിൽ ഊർജ്ജിതമായ ബോധവൽക്കരണ പരിപാടികളാണ് ഫലപ്രദമാകുക.<br>കേരളത്തിലെ ആദിവാസികളിൽ 40 ശതമാനത്തോളം വസിക്കുന്ന വയനാട് ജില്ലയിൽ 3201 പട്ടിക വർഗ്ഗ, പട്ടിക ജാതി |

കോളനികളാണുള്ളത്. ആയതിൽ 2975 കോളനികൾ പട്ടിക വർഗ്ഗ കോളനികളാണുള്ളത്. ഈ കോളനികളിൽ വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന പണിയർ, നായ്ക്കർ, കാട്ടു നായ്ക്കർ, തേൻ കുറുമർ തുടങ്ങി ഏറ്റവും താഴെക്കിടയിലുള്ള ഈ വിഭാഗം സാമ്പത്തികമായും സാമൂഹികമായും ഇന്നും പിൻനിരയിൽ തന്നെയാണ്. അതുകൊണ്ടു തന്നെ നിലവിലുള്ള നിയമത്തിന്റെ കാര്യങ്ങൾ അവർക്ക് ബോധ്യമില്ല. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ഗോത്രാചാര പ്രകാരം വിവാഹം ചെയ്ത കുറ്റത്തിന് അവരുടെ ഭർത്താക്കന്മാർ ജയിലിൽ കിടക്കുന്നതിനാൽ ഈ പെൺകുട്ടികളിൽ ചിലർ ഇപ്പോഴും പുനരധിവാസ കേന്ദ്രങ്ങളിലാണ് കഴിഞ്ഞു വരുന്നത്. ഇത്തരം സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനായി പോലീസ് വകുപ്പ് ആദിവാസി ഊരുകളിൽ പോക്സോ നിയമത്തെക്കുറിച്ചും ശൈശവ വിവാഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും അവബോധം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ജനമൈത്രി സുരക്ഷാ പദ്ധതി, എസ് സി /എസ് റ്റി മോണിറ്ററിംഗ് കമ്മറ്റി എന്നീ പദ്ധതികളിലൂടെ ആദിവാസി കോളനി സന്ദർശിച്ച് ഈ നിയമത്തെക്കുറിച്ചും സ്ത്രീ സുരക്ഷയെക്കുറിച്ചും ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ഗൗരവകരമായ ഇടപെടലുകൾ നടത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ